ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/16638/2024-GEA3 തീയതി: 12-12-2024

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ.സന്ദീപ്.എം.എസ്സിനെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:

1. തദ്ദേശ സ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 20.12.2023ലെ LSGD/JD/KLM/8335/2023-A3നമ്പർ കത്ത്.
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.06.2011- ലെ E2-1818/08 നമ്പർ നടപടിക്രമം.
3. 28.07.2017 ലെ സ.ഉ(സാധാ) നം.2619/2017/തസ്വഭവ
4. കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2024 തീയതിയിലെ LSGD/JD/KLM/4086/2024-A3 നമ്പർ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 10.07.2017-ലെ ഇ6.44444/16 നമ്പർ ഉത്തരവ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൻറെ ഭാഗമായ മുൻപഞ്ചായത്ത് വകുപ്പിൽ സൂചന (2) പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.സന്ദീപ്.എം.എസ്സ്-ൻറെ പേര് പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. 05.07.2011 ന് ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.സന്ദീപ്.എം.എസ്-നു 06.07.2011 മുതൽ 12.04.2012 വരെ KSR ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ചും 13.04.2012 മുതൽ 29.03.2013 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി പരിഗണിച്ചും സൂചന (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ശ്രീ.സന്ദീപ്.എം.എസ്സ് തിരികെ സേവനത്തിൽ പ്രവേശിച്ച **30.03.2013** തീയതി അടിസ്ഥാനമാക്കി ടിയാനെ ക്ലർക്കുമാരുടെ ജില്ലാതല സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 63(a) ആയി സൂചന (4) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീ.സന്ദീപ്.എം.എസ്സിനെ സൂചന (5) പ്രകാരമുള്ള ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ (01.01.2012 - 31.12.2013) ക്രമ നം.1137 ശ്രീ.സായിരാജ് അഖിലേഷിനും ക്രമനം.1138 ശ്രീമതി.സന്ധ്യ മാർഗ്രറ്റ് ജോസ്-നും ഇടയിൽ ക്രമ നം.1137 എ ആയി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി കാലയളവിനുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ഇനിയൊരറിയിപ്പ് കൂടാതെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

Suresh Kumar S
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. ശ്രീ.സന്ദീപ്.എം.എസ്സ് (ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

Signed by
Suresh Kumar S
Date: 12-12-2024 14:46:03